പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4038 — 16.12.2014-ൽ മറുപടിയ്ക്ക്

# ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിൽ കെ. എസ്. ഇ. ബി. സബ്സ്റ്റേഷൻ

## ചോദ്യം

ശ്രീ. ബി. സത്യൻ :

(എ) ആറ്റിങ്ങലിൽ കെ. എസ്. ഇ. ബി. സബ്സ്റ്റേഷൻ നിർമ്മാണത്തിന് കഴിഞ്ഞ ഗവൺമെൻറ് അനുമതി നൽകി തറക്കല്ലിടൽ നടത്തിയതിന് ശേഷം പ്രസ്തുത പദ്ധതി ഉപേക്ഷിയ്ക്കാനുണ്ടായ കാരണം വ്യക്തമാക്കാമോ ;

(ബി) തിരുവനന്തപുരം ജില്ലയിലെ വലിയ നഗരവും, സ്പെഷ്യൽ ഗ്രേഡ് പദവിയുമുള്ള ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിൽ കെ. എസ്. ഇ. ബി സബ്സ്റ്റേഷൻെറ ആവശ്യകത സംബന്ധിച്ച് ബഹു. മന്ത്രിയ്ക്ക് നിവേദനങ്ങൾ സമർപ്പിച്ചിരുന്നത് സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കാമോ ;

(സി) വളരെ കൂടുതൽ വൈദ്യുത ഉപഭോക്താക്കൾ ഉൾപ്പെടുന്ന ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിൽ കെ. എസ്. ഇ. ബി സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ ; വ്യക്തമാക്കാമോ ?

## ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

(എ) (ബി) & (സി) ആറ്റിങ്ങലിൽ ഒരു 110 കെ. വി. സബ്സ്റ്റേഷൻ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. നിലവിൽ ആറ്റിങ്ങലിലും പരിസര പ്രദേശങ്ങളിലും വൈദ്യുതി വിതരണം നടത്തുന്നത് ഈ സബ്സ്റ്റേഷനിൽ നിന്നുമാണ്. പുതുതായി ഒരു 33 കെ. വി. സബ്സ്റ്റേഷൻ കൂടി നിർമ്മിക്കുന്നതിന് പ്രാരംഭ പഠനങ്ങൾ നടത്തി തറക്കല്ലിട്ടിരുന്നു. എന്നാൽ നിലവിലുള്ള ലൈനിൻെറയും സബ്സ്റ്റേഷൻെറയും ശേഷിയും വൈദ്യുതി ആവശ്യകതയും ചേർത്ത് നടത്തിയ വിശദമായി പഠനത്തിൽ (load flow study) നിലവിലുള്ള സബ് സ്റ്റേഷൻ തന്നെ പര്യാപ്തമാണ് എന്നു കണ്ടതിനാൽ ഈ സബ്സ്റ്റേഷൻെറ തുടർ പ്രവർത്തനങ്ങൾ താത്ക്കാലികമായി നിറുത്തി വച്ചിരിക്കുകയാണ്. വൈദ്യുതി ആവശ്യകതയിലുണ്ടാകുന്ന വർദ്ധനവിനനുസരിച്ച് ഭാവിയിൽ പുതിയ സബ്സ്റ്റേഷൻെറ നിർമ്മാണം വിശദമായ സാദ്ധ്യതാ പഠനത്തിന് വിധേയമായി പരിഗണിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ.